**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1267** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരമേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും തീറ്റ വസ്തുക്കളുടെ ലഭ്യത കുറവും കാരണം ക്ഷീരകർഷകർ വലിയ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കണക്കിലെടുത്ത് കാലിത്തീറ്റയുടെ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും മറ്റ് തീറ്റവസ്തുക്കൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ല്, വൈക്കോല്, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്. കാലിത്തീറ്റയുടെ അമിത വിലവർദ്ധനവ് മൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒരു പരിധി വരെ പരിഹരിക്കുന്നതിനാണ് ക്ഷീരവികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നത്. വകുപ്പ് ഇതിനോടകം 23.44 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കർഷകർക്ക് നൽകികൊണ്ടിരിക്കുന്നു.<br><br>അസംസ്കൃത വസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവ് മൂലം ഉത്പാദന ചെലവ് കൂടിയ സാഹചര്യത്തിലും പരമാവധി നഷ്ടം സഹിച്ച് കാലിത്തീറ്റയുടെ വില കേരളാ ഫീഡ്സ് വർദ്ധിപ്പിച്ചിരുന്നില്ല. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നുണ്ട്. നിലവിൽ കേരള ഫീഡ്സിന്റെ വില പ്രമുഖ സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്.<br><br>പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുവാനും, പാലിന് കൂടുതൽ വില കിട്ടുവാനും തീറ്റയുടെ വില കുറയ്ക്കുവാനും ലക്ഷ്യം വച്ച് കൊണ്ട് ആന്ധ്രപ്രദേശ്, കർണ്ണാടക, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ നിന്നും സൈലേജ് ഇറക്കുമതി ചെയ്യാൻ കേരള ഫീഡ്സ് പദ്ധതി ഇടുന്നു. |
| (ബി) | സംസ്ഥാനത്ത് കാലിത്തീറ്റയുടെ ഉൽപ്പാദനശേഷി ഉയർത്തുന്നതിനും ക്ഷീര കർഷകർക്ക് ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനും കുടിശ്ശികയുള്ള ഇൻസെന്റീവ് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | അസംസ്കൃത വസ്തുക്കളുടെ അഭൂതപൂർവ്വമായ വിലവർദ്ധനവ് മൂലം ഉത്പാദന ചെലവ് കൂടിയ സാഹചര്യത്തിലും പരമാവധി നഷ്ടം സഹിച്ച് കാലിത്തീറ്റയുടെ വില കേരളാ ഫീഡ്സ് വർദ്ധിപ്പിച്ചിരുന്നില്ല. പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് മുഖേന ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ കേരള ഫീഡ്സിന്റെ വില പ്രമുഖ സ്വകാര്യ കമ്പനിയുടെ കാലിത്തീറ്റയുടെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചാക്കൊന്നിന് 35 രൂപ കുറവാണ്.<br><br>പാലിന്റെ ഉത്പാദനം വർദ്ധിപ്പിക്കുവാനും, പാലിന് കൂടുതൽ വില കിട്ടുവാനും തീറ്റയുടെ വില കുറയ്ക്കുവാനും ലക്ഷ്യം വച്ച് കൊണ്ട് ആന്ധ്രപ്രദേശ്, കർണ്ണാടക, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ നിന്നും സൈലേജ് ഇറക്കുമതി ചെയ്യാൻ കേരള ഫീഡ്സ് പദ്ധതി ഇടുന്നു.<br><br>സ്വകാര്യ സംരംഭകർ കാലിത്തീറ്റ വില വർദ്ധിപ്പിച്ച സാഹചര്യത്തിലും മിൽമ കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിരുന്നില്ല. ഇതിന് മുൻപ് കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചത് 2019-ൽ ആയിരുന്നു. കാലിത്തീറ്റ വില വർദ്ധിപ്പിച്ചില്ല എന്നുമാത്രമല്ല സാധിക്കുന്ന രീതിയിലുള്ള ഡിസ്കൗണ്ടുകളും കാലിത്തീറ്റ സബ്സിഡികളും കർഷകന് നൽകുവാൻ മിൽമയും മേഖലാ യൂണിയനുകളും തയ്യാറായിരുന്നു. വില വർദ്ധനവ് നടപ്പിലാക്കിയതിന് ശേഷവും മേഖലായൂണിയനുകൾ അവരവരുടെ കഴിവനുസരിച്ചുള്ള സബ്സിഡി കർഷകർക്ക് നൽകിയിട്ടുണ്ട്. ഇതുകൂടാതെ മേഖലാ യൂണിയനുകൾ അവയുടെ പ്രവർത്തന ലാഭത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡി കാലാകാലങ്ങളായി നൽകി വരാറുണ്ട്. പ്രത്യേക കാലയളവുകളിൽ നൽകുന്ന ഈ സ്കീമുകളെ സംബന്ധിച്ച് കുടിശ്ശിക ഉണ്ടാകാറില്ല. |

| | | | |
|---|---|---|---|
| | | | ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിൽ വന്ന കാലതാമസം മൂലം ആണ് ഇൻസെന്റീവ് പദ്ധതി പ്രവർത്തനം വൈകിയത്. ഇനി വരുന്ന മാസങ്ങളിൽ മുടക്കം കൂടാതെ സബ്സിഡി തുക കർഷകർക്ക് ലഭിക്കുന്നതായിരിക്കും. ഇപ്പോൾ പദ്ധതി നിർവ്വഹണ ഘട്ടത്തിലാണ്. |
| (സി) | ക്ഷീരമേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ലിംഗനിർണയം നടത്തിയ ബീജം ഉപയോഗിച്ച ഗർഭധാരണം ഉറപ്പാക്കി ത്വരിതഗതിയിൽ സംസ്ഥാനത്തെ കന്നുകാലി ജനുസ്സുകളെ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പശുക്കളിൽ പ്രത്യുൽപ്പാദനം നടത്തുമ്പോൾ ലഭിക്കുന്ന 50:50 എന്ന ആൺ പെൺ ലിംഗാനുപാതത്തിൽ നിന്ന്, 90% കൃത്യതയോടെയാണ് ലിംഗനിർണയം നടത്തിയ ബീജത്തിന്റെ ഉപയോഗം വഴി പശുക്കുട്ടികൾ ഉത്പാദിപ്പിക്കപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്തു കൂടുതൽ പശുക്കുട്ടികളുടെ ലഭ്യത വളരെ കുറച്ച് സമയത്തിനുള്ളിൽ ഉറപ്പാക്കുന്നതും ഇതിലൂടെ ഉന്നത ഗുണമേൻമയുള്ള പശുക്കുട്ടികളെ തിരഞ്ഞെടുത്ത്, പാലുല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നതാണ്. ലിംഗനിർണയം നടത്തിയ ബീജത്തിന്റെ ഉപയോഗം ക്ഷീരകർഷകരിലേയ്ക്ക് എത്തിച്ച് അതിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനായാണ് ഇപ്രകാരത്തിലുള്ള ഒരു കേന്ദ്ര സർക്കാർ പദ്ധതി നമ്മുടെ സർക്കാർ കെ.എൽ.ഡി.ബോർഡിലൂടെ കേരളത്തിൽ നടപ്പിലാക്കുന്നത്. ജേഴ്സി, ഹോൾസ്റ്റീൻഫീഷ്യൻ, സങ്കരയിനം ജേഴ്സി, സങ്കരയിനം ഹോൾസ്റ്റീൻഫീഷ്യൻ ഇനത്തിൽപെട്ട ലിംഗനിർണയം നടത്തിയ ബീജമാത്രകൾ കേരളത്തിലുടനീളം വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെ̂v ബോർഡും, മൃഗസംരക്ഷണവകുപ്പും, മിൽമയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br>• ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്ന ലിംഗനിർണയം നടത്തിയ ഒരു ഡോസ് ബീജത്തിന്റെ വില 675 രൂപയാണ്. ഇത് കർഷകർക്ക് 250 രൂപയ്ക്കാണ് നൽകുന്നത്.<br>• ഒരു പശുവിന് ചെന പിടിക്കുന്നതിനായി ലിംഗനിർണയം നടത്തിയ ബീജം ഉപയോഗിച്ച് പരമാവധി രണ്ട് കൃത്രിമ ബീജാധാനങ്ങൾ (Artificial Insemination) നടത്താവുന്നതാണ്. ഇതിനു ചിലവാകുന്ന |

| | | | |
|---|---|---|---|
| | | | തുക 1350 രൂപ ആണെന്നിരിക്കെ കർഷകന് ചിലവ് വരുന്നത് 500 രൂപ<br>• എന്നാൽ ലിംഗനിർണയം നടത്തിയ ബീജം ഉപയോഗിച്ച നടത്തിയ രണ്ട് കൃത്രിമ ബീജാധാനങ്ങൾക്ക് ശേഷവും പശു ചെന പിടിക്കാതിരുന്നാൽ, കർഷകന് 500 രൂപ കെ.എൽ.ഡി.ബോർഡ് തിരികെ നൽകുന്നതാണ്.<br><br>സ്റ്റേറ്റ് ഇംപ്ലിമെന്റിംഗ്v ഏജൻസിയായ കേരള ലൈവ്സ്റ്റോക്ക് ഡെവലെപ്മെ്v ബോർഡ് പദ്ധതി പുരോഗതി വിലയിരുത്തുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ